**K23U 3249**

Reg. No. : ................................

Name : ....................................

**II Year B.A./B.Sc. Degree (S.D.E. – Supplementary)**
**Examination, April 2023**
**(2011 Admission Onwards)**
**COMMON COURSE IN MALAYALAM**
**SDE 2A 05 MAL : മധ്യകാലസാഹിത്യം**

Time : 3 Hours Max. Weightage : 30

I. താഴെക്കൊടുത്തിട്ടുള്ള **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ ഏതെങ്കിലും **നാലു** വിഭാഗം ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിനും 1 വെയിറ്റേജ് വീതം.
**(4×1=4 വെയിറ്റേജ്)**

1) ഉചിതമായി പൂരിപ്പിക്കുക.

എ) കരിമുകിലൊത്ത ചികുരഭാരവും
മണികൾ മിന്നുന്ന ____________

ബി) ശക്തിയോടുകൂടി മാറിമാറിയെടുത്തിട്ടു
____________ പുര ദ്വാരം പൂകിക്കപ്പെട്ടു.

സി) സ്വരത്തിനുടെ മാധുര്യം കോട്ടാ –
____________ നിശ്ചേയം

ഡി) ____________ കോലുവാൻ കോലങ്ങൾ പൂണ്ടവൻ
മേലിലവ്വണ്ണമേയായിടുമോ ?

2) ചേരുംപടി ചേർക്കുക.

| | | |
|---|---|---|
| എ) കല്യാണ സൗഗന്ധികം | – | രാമപുരത്തു വാര്യർ |
| ബി) മഹാഭാരതം കിളിപ്പാട്ട് | – | പൂന്താനം നമ്പൂതിരി |
| സി) ഭാഷാകർണാമൃതം | – | കുഞ്ചൻ നമ്പ്യാർ |
| ഡി) ഭാഷാഷ്ടപദി | – | എഴുത്തച്ഛൻ |





3) 'ഇനിബ്ഭൂവിതേ ഗതി പഴുതേ
ശകുനപ്പിഴ തവ ജനിതം'

എ) ആരാണിങ്ങനെ പറഞ്ഞത് ?

ബി) ആരോട് പറഞ്ഞു ?

സി) ഏത് കൃതിയിലെ വരികൾ ?

ഡി) ശകുനപ്പിഴ എന്നതുകൊണ്ട് ഉദ്ദേശിച്ചതെന്ത് ?

4) ചുവടെ ചേർത്തിരിക്കുന്ന വരികൾ ഏത് കൃതിയിലേതാണ് ?

എ) എന്തുകൊണ്ടോ ശൗരി കണ്ണുനീരണിഞ്ഞു, ധീരനായ
ചെന്താമരക്കണ്ണനുണ്ടോ കരഞ്ഞിട്ടുള്ളൂ ?

ബി) അന്ധകവൈരിപാദചിന്തനം കുറകയോ ?
ബന്ധമെന്തെനിക്കേവം സന്താപം വരുവാൻ

സി) നാരായണ ഹരി നാരായണ
വാസുദേവായെന്നു കൈതൊഴുന്നേൻ

ഡി) ഇച്ഛിച്ചീടുന്നതൊക്കെകൊടുത്തീടും
വിശ്വമാതാവു ഭൂമി ശിവ! ശിവ!

5) ചുവടെ ചേർക്കുന്ന വാക്കുകളുടെ അർത്ഥമെഴുതുക.

എ) സേതുബന്ധനം ബി) ഇഭം

സി) മല്ലാരി ഡി) സന്തതം

II. ചുവടെ ചേർത്തിരിക്കുന്ന ആറ് ചോദ്യത്തിൽ ഏതെങ്കിലും **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക. **ഓരോന്നും 75** വാക്കിൽ കവിയരുത്. **(4×1=4 വെയിറ്റേജ്)**

6) കോതാമ്മൂരിയാട്ടത്തിന്റെ വേഷവിധാനങ്ങളെക്കുറിച്ചെഴുതുക.

7) 'കുടിതിനും നടപ്പൊരു മനം പോലെയാവാം' – സന്ദർഭമെഴുതുക.

8) 'ദാരുതന്റെ പരിണാമേ
കില നാരി തന്റെ മനമാമേ
എന്നു ചൊല്ലുന്നു ചിലർ
കല്ലെന്നും ചിലർ' – ആരുടെ ചിന്തയാണിത് ? സന്ദർഭമെഴുതി വിശദീകരിക്കുക.

9) 'പായസം കണ്ടു ബുഭുക്ഷിതൻ തന്നുടെ
മാനസം പോലെ ചമഞ്ഞുകൂടി' – സന്ദർഭവും ആശയവുമെഴുതുക.



10) 'ആനവിറ്റു പണമുണ്ടാക്കുന്നവരെത്തളിയിപ്പാൻ
ചേനവിറ്റുപൊറുക്കുന്ന ചങ്ങാതി മതിയാമോ' – ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത് ?

11) 'എരിയുമഗ്നിതൻ നടുവിൽ വീഴ്കയോ
ഗരളമമ്പൊടുകുടിക്കയോ നല്ലൂ' – ആരാണിങ്ങനെ വിലപിച്ചത് ? കാരണമെന്ത് ?

III. ചുവടെ ചേർത്തിരിക്കുന്ന ഏഴ് ചോദ്യത്തിൽ ഏതെങ്കിലും **അഞ്ച്** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോന്നും 150** വാക്കിൽ കവിയരുത്. **(5×2=10 വെയിറ്റേജ്)**

12) 'രാമാനുജന്റെ ഹൃദയമറിവാൻ മേലെയെന്നിട്ടു
രോമാഞ്ചമണിഞ്ഞീവണ്ണം വിചിന്തചെയ്തു' – ചിന്തിച്ചതെന്തെല്ലാം ?

13) 'സാമ്യമകന്നോരുദ്യാനം ; എത്രയുമാഭി –
രാമ്യയിതിനുണ്ടതുനൂനം' – ഉദ്യാനത്തിന്റെ സവിശേഷതകളെന്തെല്ലാം ?

14) 'എന്നതുകൊണ്ടു നൽപങ്കജജാലങ്ങ –
ളെന്നുമുണ്ടാകുന്നു തോയം തന്നിൽ' – സന്ദർഭവും ആശയവുമെഴുതുക.

15) 'പുരന്ദരാദികൾ പലരും കാൺകവേ
പുരം ദഹിപ്പിച്ചാൻ നയനത്തീയാലേ' – സൂചിതകഥ വിവരിക്കുക.

16) മാപ്പിളപ്പാട്ടുകളുടെ പൊതുസവിശേഷതകൾ വിവരിക്കുക.

17) കോതാമൂരിപ്പാട്ടിൽ അന്നപൂർണേശ്വരിയുടെ ആഗമനത്തെക്കുറിച്ച് വർണിക്കുന്നതെങ്ങനെ ?

18) മനുഷ്യജീവിതത്തിന്റെ ക്ഷണികതയെ പൂന്താനം ജ്ഞാനപ്പാനയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

IV. ഏതെങ്കിലും **മൂന്നു** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോന്നും 300** വാക്കിൽ കവിയരുത്. **(3×4=12 വെയിറ്റേജ്)**

19) ചെറുശ്ശേരിയുടെ വർണനാപാടവം, സുഭദ്രാഹരണത്തെ ആസ്പദമാക്കി വിവരിക്കുക.

20) 'ദാരിദ്ര്യത്തിന്റെ തീവ്രത ആത്മാർത്ഥമായി ആവിഷ്കരിക്കുന്ന കൃതിയാണ് കുചേലവൃത്തം വഞ്ചിപ്പാട്ട്' – ഈ അഭിപ്രായം ശരിയോ ? ചർച്ച ചെയ്യുക.

21) കുഞ്ചൻനമ്പ്യാരുടെ സാമൂഹിക വിമർശനപാടവം, 'സഭാപ്രവേശം തുള്ളലിനെ മുൻനിർത്തി വിശദമാക്കുക.

22) 'അധാർമ്മികതയിൽപ്പെട്ട് ഉഴലുന്ന മനുഷ്യരെ ധാർമ്മികതയിലേക്ക് നയിക്കാനുള്ള മൂല്യവത്തായ ഗ്രന്ഥമാണ് ജ്ഞാനപ്പാന' – വിശദമാക്കുക.

23) ഉണ്ണായിവാര്യരുടെ കഥാപാത്ര സൃഷ്ടിവൈഭവം, പുഷ്ക്കരൻ, കാട്ടാളൻ എന്നീ കഥാപാത്രങ്ങളെ മുൻനിർത്തി വിവരിക്കുക.

______________